**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2061** **09-02-2023 - ൽ മറുപടിയ്ക്ക്**

**സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | കേരള പോലീസിന്റെ ഉൾപ്പെടെ ഔദ്യോഗിക വെബ്സൈറ്റുകളും സോഷ്യൽ മീഡിയ അക്കൗണ്ടുകളും ഹാക്ക് ചെയ്യപ്പെടുന്നത് സംബന്ധിച്ച് സംസ്ഥാനത്ത് എത്ര കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് വിശദമാക്കാമോ; ഇത്തരം കേസുകളിൽ പ്രതികളെ തിരിച്ചറിയാൻ സാധിച്ചിട്ടുണ്ടോ; | (എ) | കേരള പോലീസിന്റെ ഉൾപ്പെടെ ഔദ്യോഗിക വെബ്സൈറ്റുകളും സോഷ്യൽ മീഡിയ അക്കൗണ്ടുകളും ഹാക്ക് ചെയ്യപ്പെടുന്നത് സംബന്ധിച്ച് സംസ്ഥാനത്ത് 6 കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നു വരുന്നു. |
| (ബി) | ഇത്തരം സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (ബി) | വിവിധ മേഖലകളിലെ ദൈനംദിന പ്രവർത്തനങ്ങൾ വിവരസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായതിനാൽ ഈ കാലഘട്ടത്തിൽ അതുവഴിയുള്ള തട്ടിപ്പുകളും മറ്റു കുറ്റകൃത്യങ്ങളും വർദ്ധിച്ചിട്ടുണ്ട്. ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനും റിപ്പോർട്ടാകുന്ന കുറ്റകൃത്യങ്ങളിലെ കുറ്റവാളികളെ നിയമത്തിനു മുമ്പിൽ കൊണ്ടുവരുന്നതിനുമായി പോലീസ് ഉദ്യോഗസ്ഥർക്ക് Cyber Crime Investigation and Cyber Forensic പരിശീലനം നൽകിയിട്ടുള്ളതും, വിദഗ്ധ പരിശീലനം പൂർത്തിയാക്കിയ പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ചു കൊണ്ട് കണ്ണൂർ റൂറൽ ഒഴികെയുള്ള സംസ്ഥാനത്തെ എല്ലാ പോലീസ് ജില്ലകളിലും സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുള്ളതും, ഫലപ്രദമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതുമാണ്. സ്റ്റേഷനിൽ റിപ്പോർട്ടാകുന്ന IT Act പ്രകാരമുള്ള കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിൽ സഹായിക്കുന്നതിന് ഒരോ പോലീസ് ജില്ലകളിലും സൈബർ സെല്ലുകളും പ്രവർത്തിച്ചു വരുന്നു.സൈബർ കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിനും സൈബർ കുറ്റാന്വേഷണത്തിനുമായി സൈബർ സെൽ, സൈബർ ഡോം, സൈബർപോലീസ് സ്റ്റേഷൻ എന്നിവ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുണ്ട്.<br>പോലീസിൻറ ഓദ്യോഗിക വെബ്സൈറ്റ് സുരക്ഷിതമായ സ്റ്റേറ്റ് ഡാറ്റാ സെന്ററിലാണ് ഹോസ്റ്റ് |

| | | | |
|---|---|---|---|
| | | | ചെയ്തിരിക്കുന്നത്. അംഗീകൃത KSWAN ഐ.പി അഡ്രസ്സ് ഉപയോഗിച്ച് മാത്രമേ വെബ്സൈറ്റ് അപ്ഡേറ്റ് ചെയ്യാൻ സാധിക്കുകയുള്ളൂ. ഇതിന് ഉപയോഗിക്കുന്ന കമ്പ്യൂട്ടറുകൾ ആന്റി വൈറസ് സോഫ്റ്റ് വെയറുകൾ, ഫയർവാൾ പ്രൊട്ടക്ഷൻ എന്നിവ ഉപയോഗിച്ച് സുരക്ഷിതമാക്കിയിട്ടുണ്ട്. പോലീസിന്റെ ഓദ്യോഗിക സോഷ്യൽ മീഡിയ അക്കൗണ്ടുകൾ ഹാക്ക് ചെയ്യപ്പെടാതിരിക്കുന്നതിന് പ്രസ്തുത സോഷ്യൽ മീഡിയ അക്കൗണ്ടുകൾക്ക് അനുവദിച്ചിരിക്കുന്ന എല്ലാ സുരക്ഷാ മാർഗങ്ങളും അക്ടിവേറ്റ് ചെയ്തിട്ടുള്ളതും, അവയുടെ പാസ്‌വേഡുകൾ നിശ്ചിത കാലയളവിൽ മാറ്റി ഉപയോഗിച്ചും വരുന്നു. സൈബർ കുറ്റകൃത്യങ്ങളെ കുറിച്ച് അന്വേഷണം നടത്തുന്നതിന് ആവശ്യമായ പരിശീലനം ലഭിച്ച പോലീസുദ്യോഗസ്ഥരുടെ സേവനം സൈബർ പോലീസ് സ്റ്റേഷനുകളിൽ ലഭ്യമാണ്. കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ലൈബ്രറികൾ, മറ്റു സംഘടനകൾ എന്നിവയുമായി സഹകരിച്ച് വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസുകൾ നടത്തി വരുന്നു. സോഷ്യൽ മീഡിയ അക്കൗണ്ടുകൾ ഹാക്ക് ചെയ്യപ്പെടാതിരിക്കാൻ Two Step Verification പോലെയുള്ള സുരക്ഷാ സംവിധാനങ്ങൾ ഉപയോഗിക്കുവാൻ ഇത്തരം ക്ലാസുകളിലൂടെ അവബോധം നൽകി വരുന്നു |

സെക്ഷൻ ഓഫീസർ